⇨ *അങ്ങനെയാണ് അന്നത്തെ വി.എസ് അച്യുതാനന്ദൻ സർക്കാർ നിയമം നിർമ്മിക്കാൻ തീരുമാനിക്കുന്നത്* ⇨

നെൽവയൽ–തണ്ണീർത്തട നിയമം യാഥാർത്ഥ്യമാക്കുന്നതിനായി ഏറെ ശ്രമങ്ങൾ നടത്തിയ പരിസ്ഥിതി പ്രവർത്തകനും സേവ് റൈസ് ക്യാമ്പയ്നറുമായ

**ആർ. ശ്രീധർ**

# ഭൂ മാഫിയയ്ക്ക് വേണ്ടിയുള്ള തിരുത്തലുകൾ

**1970കളിലെ** കണക്ക് നോക്കുമ്പോൾ എട്ട് ലക്ഷം ഹെക്ടറിന് മുകളിൽ കൃഷി ചെയ്തിരുന്ന നെൽവയലുകൾ കേരളത്തിൽ ഉണ്ടായിരുന്നു. 2008ൽ നെൽവയൽ-തണ്ണീർത്തട നിയമം പ്രാബല്യത്തിൽ വരുമ്പോൾ നെൽവയലുകളുടെ വ്യാപ്തി രണ്ട് ലക്ഷം ഹെക്ടറായി കുറഞ്ഞിരുന്നു. നെൽവയൽ നികത്തുന്നത് തടയാൻ 1967ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പോലെ ഒരു നിയമം ഉണ്ടായിരുന്നിട്ടും വയലുകൾ വ്യാപകമായി നികത്തപ്പെട്ടു. ശരിക്കും ഒരു നിയമവ്യവസ്ഥയുടെ അഭാവം കാരണമല്ല ഇവിടെ നെൽകൃഷി കുറഞ്ഞുപോയത് എന്നാണ് ഈ കണക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. ആ നിയമവ്യവസ്ഥ കേരളത്തിന്റെ മാറിവന്ന വികസന പരിപ്രേക്ഷ്യയിൽ നെൽവയലുകളെ സംരക്ഷിക്കുന്നതിന് പര്യാപ്തമാകാതെ പോയി എന്നതാണ് കാര്യം. കേരളം സ്വീകരിച്ച ഒരു വികസന കാഴ്ചപ്പാടുമായി ബന്ധപ്പെട്ട പ്രശ്നമായാണ് ഇതിനെ കാണേണ്ടത്. ഭൂപരിഷ്കരണ നിയമത്തിലെ ചില അപാകതകളും ഒരു പരിധിവരെ നെൽകൃഷിയുടെ ശോഷണത്തിന് കാരണമായിത്തീർന്നിട്ടുണ്ട്. നെൽവയലുകൾ തുണ്ടുഭൂമികളായി കൈകാര്യം ചെയ്യാൻ കഴിയാത്ത ഭൂപ്രദേശമാണ് എന്ന ധാരണ ഭൂപരിഷ്കരണ നിയമത്തിനുണ്ടായിരുന്നില്ല. തോട്ടങ്ങളെ ഭൂപരിഷ്കരണ നിയമത്തിൽ നിന്നും ഒഴിവാക്കിയതുപോലെ നെൽവയലുകളെയും അവയുടെ പാരിസ്ഥിതികമായ സ്വഭാവം പരിഗണിച്ച് തുണ്ടുവത്കരിക്കപ്പെടാതെ ഇടവിടാതെയുള്ള ഒരു ആവാസ വ്യവസ്ഥയായിത്തന്നെ നിലനിർത്തേണ്ടതായിരുന്നു.

വീടുവയ്ക്കുന്നതിന് വേണ്ടി മാത്രമല്ല കേരളത്തിൽ വയൽനികത്തൽ വ്യാപകമായി നടന്നത് എന്നതാണ് വാസ്തവം. റോഡ് പോലെയുള്ള വികസനാവശ്യങ്ങൾക്കും മറ്റ് കച്ചവട ആവശ്യങ്ങൾക്കും തന്നെയാണ് വയലുകൾ ഇത്ര വലിയ രീതിയിൽ നശിച്ചുപോയതും പോയിക്കൊണ്ടിരിക്കുന്നതും. കുട്ടനാടിന് സംഭവിച്ച ദുരന്തവും വയലുകളിലേക്കുള്ള റോഡുകളുടെ വ്യാപനമാണ്. സി.ഡിറ്റിന് വേണ്ടി കെ. മോഹൻകുമാർ സംവിധാനം ചെയ്ത 'വീപ്പിംഗ് റൈസ് ബൗൾ' എന്ന ഡോക്യുമെന്ററി ഇത് വ്യക്തമായി കാണിക്കുന്നുണ്ട്. വയലുകളിലൂടെ വെള്ളം കയറി ഇറങ്ങുന്നതിനായി കർഷകർ പരമ്പരാഗതമായി നിർമ്മിച്ച ചാലുകളെല്ലാം ഈ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി അടഞ്ഞുപോയി. ഇതോടൊപ്പം അശാസ്ത്രീയമായ ചെറുബണ്ടുകൾ മുതൽ തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ വരെ ഇതിൽ പ്രതികളാണ്. നാച്ചുറൽ ഹൈഡ്രോളജിക്കൽ ഫ്ളോ തകർന്നു. പല സ്ഥലത്തും കൃഷി ചെയ്യാൻ കഴിയാത്ത സ്ഥിതി വന്നു. കേരളത്തിൽ എല്ലായിടത്തും ഇത് സംഭവിച്ചിട്ടുണ്ട്.

**നിയമത്തിന്റെ രൂപീകരണം**

വ്യാപകമായ വയൽനികത്തൽ ഭക്ഷ്യസുരക്ഷയേയും ജലസുരക്ഷയേയും സാരമായി ബാധിക്കുമെന്ന് കേരളം തിരിച്ചറിഞ്ഞ ഒരു സമയം വൈകാതെ സംജാതമായി. ജലസുരക്ഷയുടെ പ്രശ്നമാണ് ഗുരുതരമായ രൂപത്തിൽ നമ്മൾ അനുഭവിച്ചത്. കിണറുകളിലെ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നതു കാരണം വയലുകൾക്ക് ചുറ്റുമുള്ള ഉയർന്ന കരപ്രദേശങ്ങളിലെ ജനവാസകേന്ദ്രങ്ങൾ വരൾച്ചയുടെ പിടിയിലായി. ആ ഒരു ഘട്ടത്തിലെത്തിയപ്പോഴാണ് നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് ഒരു നിയമം വേണമെന്ന ചർച്ച കേരളത്തിൽ ഉയർന്നുവരുന്നത്. നെൽവയലുകൾ സംരക്ഷിക്കുന്നതിനായി എറണാകുളം ജില്ലയിലെ എരയാംകുടിയിലും തൃശൂർ ജില്ലയിലെ മുരിയാടിലും നടന്ന ശക്തമായ സമരങ്ങളും നെൽവയൽ സംരക്ഷണത്തിന് നിയമം നിർമ്മിക്കുക എന്ന ആവശ്യത്തെ ശക്തിപ്പെടുത്തി. അങ്ങനെയാണ് അന്നത്തെ വി.എസ് അച്യുതാനന്ദൻ സർക്കാർ നിയമം നിർമ്മിക്കാൻ തീരുമാനിക്കുന്നത്. നിയമം രൂപപ്പെടുത്തുന്നതിനായി ഒരു സബ്കമ്മിറ്റിയെ ഏൽപ്പിക്കുകയും സബ്കമ്മിറ്റി തയ്യാറാക്കിയ കരടിന്മേൽ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി കേരളത്തിന്റെ പല മേഖലകളിൽ വച്ച് ജനങ്ങളുമായി ചർച്ചചെയ്യുകയും ചെയ്തിരുന്നു. കരടിന് അന്തിമരൂപം നൽകുന്നതിന് മുമ്പ് സംസ്ഥാന തലത്തിൽ വിഷയവിദഗ്ധരുമായി ഒരു സിറ്റിംഗ് നടത്തുകയും ചെയ്തിരുന്നു. ഞാൻ അന്ന് ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു.

ഈ പ്രക്രിയയെല്ലാം കഴിഞ്ഞിട്ടും നിയമം നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്നതിന് പിന്നെയും കാലതാമസമെടുത്തു. ഏറെ സമ്മർദ്ദങ്ങൾക്ക് ശേഷമാണ് ബിൽ നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്നത്. വിപ്പ് പുറപ്പെടുവിച്ചതുകൊണ്ട് മാത്രമാണ് അന്ന് നിയമം പാസായത്. വിപ്പ് ഇല്ലായിരുന്നെങ്കിൽ എൽ.ഡി.എഫിന്റെ കൂട്ടത്തിലെ 20 പേർ പോലും ഈ നിയമത്തെ അംഗീകരിക്കില്ലായിരുന്നു എന്ന് സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോകുന്ന വഴിയിൽ അന്നത്തെ പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി മാദ്ധ്യ

മങ്ങളോട് പറഞ്ഞിരുന്നു. കുറേപ്പേർ താത്പര്യമെടുത്തെങ്കിലും ഒടുവിൽ നിയമം പാസാക്കപ്പെട്ടത് പോലും പലവിധ സമ്മർദ്ദങ്ങളുടെയും ജാഗ്രതകളുടെയും ഫലമായാണ്. അതുകൊണ്ടുതന്നെ അത്തരം ജാഗ്രതകൾ എപ്പോൾ കുറഞ്ഞുപോകുന്നോ അപ്പോഴെല്ലാം നിയമം അട്ടിമറിക്കപ്പെട്ടിട്ടുള്ളതായും നമുക്ക് കാണാം. പത്ത് വർഷം വിലയിരുത്തുമ്പോൾ, നിയമത്തിന്റെ നടപ്പിലാക്കലിൽ അപര്യാപ്തതകൾ ഉണ്ടായിരുന്നെങ്കിലും വലിയൊരു പരിധിവരെ നെൽവയൽ നികത്തുന്നത് തടയാൻ കഴിഞ്ഞു എന്നാണ് കാണാൻ കഴിയുന്നത്. നിയമം ഉണ്ട് എന്നതുകൊണ്ടും അതിലെ ശിക്ഷാവ്യവസ്ഥകൾ ശക്തമായതുകൊണ്ടും പലരും നിലംനികത്താൻ മടിച്ചു. വലിയ സ്വാധീനശേഷിയുള്ളവർ മാത്രമാണ് ഈ കാലത്തിനിടയിൽ അനധികൃതമായി നിലംനികത്തിയിട്ടുള്ളത്.

### ഇനിയും പൂർത്തിയാകാത്ത ഡാറ്റാ ബാങ്ക്

ഡാറ്റാ ബാങ്ക് എന്നതായിരുന്നു നിയമത്തിലെ കാതലായ സംഗതി. അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാതെ പോയി എന്നതാണ് നിയമം പരാജയപ്പെടുന്നതിനുള്ള പ്രധാന കാരണം. 2008ൽ നിയമം വരുമ്പോൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ അപ്പോഴുള്ള വയലുകളുടെ സ്ഥിതി വിലയിരുത്തുകയും അത് ഒരു ഡാറ്റാ ബാങ്കായി പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യമാക്കിയിരുന്നത്. ആറ് മാസത്തിനുള്ളിൽ ഇത് പൂർത്തിയാക്കണം എന്നാണ് പറഞ്ഞിരുന്നതെങ്കിലും 10 വർഷം കഴിഞ്ഞിട്ടും ഡാറ്റാ ബാങ്ക് പലയിടത്തും നിലവിൽ വന്നിട്ടില്ല. ഡാറ്റാ ബാങ്കിൽ വയൽ എന്ന് രേഖപ്പെടുത്തിയിരുക്കുന്ന സ്ഥലങ്ങളെല്ലാം വയലുകളായി തന്നെ സംരക്ഷിക്കുന്നതിനുള്ള ശക്തി നിയമത്തിനുണ്ടായിരുന്നു. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാതിരുന്ന സ്ഥലങ്ങളിലും പ്രാദേശികതല നിരീക്ഷണ സമിതി അനധികൃത നികത്തലുകൾക്കെതിരെ രംഗത്തുവരുകയും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ല എന്ന കാരണത്താൽ ആ നടപടി കോടതി റദ്ദാക്കുകയും ചെയ്ത നിരവധി അനുഭവങ്ങളുണ്ട്. ഇതൊക്കെയായിട്ടും ലക്ഷക്കണക്കിന് ഏക്കർ കുറയുന്ന സ്ഥിതി ആയിരക്കണക്കിന് ഏക്കറിലേക്ക് ചുരുക്കാൻ നിയമത്തിന് കഴിഞ്ഞു.

### ഭരിച്ചവരെല്ലാം എതിരായിരുന്നു

2008ൽ നിയമം നിടപ്പിലാക്കിയ ഇടതു സർക്കാരിന് നിയമം പാസായശേഷം രണ്ട് വർഷം കിട്ടിയിട്ടും ടാറ്റാ ബാങ്ക് പ്രഖ്യാപിക്കാൻ കഴിഞ്ഞില്ല. അത് റിമോട്ട് സെൻസിംഗ് സാറ്റലൈറ്റ് ഭൂപടങ്ങൾ കിട്ടാത്തതുകൊണ്ടു കൂടിയായിരുന്നു. എന്നാൽ പിന്നീട് വന്ന യു.ഡി.എഫ് സർക്കാരിനും ഡാറ്റാ ബാങ്ക് പൂർത്തീകരിക്കാനുള്ള ആർജ്ജവമുണ്ടായിരുന്നില്ല. യു.ഡി.എഫ് സർക്കാർ ആറന്മുളയും മെത്രാൻ കായലും അടക്കമുള്ള പല വൻപദ്ധതികളും നടപ്പിലാക്കാൻ നന്നായി പരിശ്രമിച്ചു. എന്നാൽ പ്രാദേശികതല നിരീക്ഷണ സമിതിയും ഡോ. വി.എസ്. വിജയനും പ്രൊഫ. ലീനാകുമാരിയും ഉൾപ്പെട്ടിരുന്ന സംസ്ഥാനതല സമിതിയും ശക്തമായി നിന്നതുകൊണ്ട് വയൽ നികത്തുന്ന, പൊതു ആവശ്യങ്ങൾ എന്ന പേരിൽ വന്ന പദ്ധതികളെല്ലാം പിൻവലിക്കേണ്ടി വന്നു. ഈ തടസ്സം മറികടക്കുന്നതിന് വേണ്ടിയാണ് ധനബില്ലിലൂടെ നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ യു.ഡി.എഫ് ശ്രമിച്ചത്. യു.ഡി.എഫിനുള്ളിലുള്ളവരും പ്രതിപക്ഷവും പരിസ്ഥിതി പ്രവർത്തകരും മാദ്ധ്യമങ്ങളുമെല്ലാം ശക്തമായി എതിർത്തതുകൊണ്ടാണ് അന്ന് അത് നടക്കാതെ പോയത്. ഉമ്മൻ ചാണ്ടി തന്നെ അദ്ദേഹത്തിന്റെ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് കൂടിയ അവസാന ക്യാബിനറ്റ് യോഗത്തിൽ വച്ച് വീണ്ടും നിയമം ഭേദഗതി ചെയ്യാൻ ശ്രമിക്കുകയുണ്ടായി. അതും എതിർപ്പുകൾ കാരണം ഒഴിവാക്കപ്പെട്ടു. നെൽവയൽ സംരക്ഷണത്തിലും മറ്റ് വിഷയങ്ങളിലും ഉമ്മൻ ചാണ്ടി സർക്കാരിന്റെ നിലപാടുകൾ തീർത്തും പരിസ്ഥിതി വിരുദ്ധമായതിനാൽത്തന്നെ കേരളം കണ്ട ഏറ്റവും പരിസ്ഥിതി വിരുദ്ധ സർക്കാരായി പരിസ്ഥിതി പ്രവർത്തകരാൽ കുറ്റം ചാർത്തപ്പെട്ടു. എന്നാൽ പരിസ്ഥിതി വിഷയങ്ങൾ മുഖ്യധാരാ രാഷ്ട്രീയ പ്രശ്നമായിത്തന്നെ ഉൾക്കൊണ്ടുകൊണ്ട് നെൽവയലുകൾ എന്തുവിലകൊടുത്തും സംരക്ഷിക്കുമെന്നും പരിസ്ഥിതി സൗഹൃദപരമായ സർക്കാർ രൂപീകരിക്കുമെന്നും തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ തന്നെ പറഞ്ഞുകൊണ്ട് അധികാരത്തിൽ വന്ന പിണറായി വിജയന്റെ എൽ.ഡി.എഫ് ഒരു പൊതു ചർച്ചയ്ക്കും വയ്ക്കാതെ ഏതാനും ചില വൻകിടക്കാരുടെ വയൽ നികത്തൽ ആവശ്യങ്ങൾക്കായി ആ ഭേദഗതി ഓർഡിനൻസ് രൂപേണ യാഥാർത്ഥ്യമാക്കി.

നെൽവയൽ-തണ്ണീർത്തട നിയമം നിലവിൽ വന്നതിന് ശേഷം അധികാരത്തിലെത്തിയ എല്ലാ സർക്കാരുകളും ഈ നിയമത്തെ ദുർബലപ്പെടുത്താനാണ് ശ്രമിച്ചത്. പാർട്ടി ഭേദമില്ലാത്ത ചില രാഷ്ട്രീയ നേതാക്കളുടെ ഒറ്റ

പ്പെട്ട ശ്രമങ്ങൾ മാത്രമായിരുന്നു അതിന് അപവാദം. കർഷകരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ഇടപെടൽ കാരണമാണ് നിയമം അട്ടിമറിക്കപ്പെടാതെ നിലനിന്നത്. സർക്കാരുകൾ വികസന പദ്ധതികൾക്ക് ഒരു തടസ്സമായാണ് ഈ നിയമത്തെ കണ്ടത്. നെൽവയൽ സംരക്ഷണത്തിനായി നിലകൊണ്ട ഒരു ഇടതു സർക്കാർ തന്നെ ഭൂ മാഫിയയ്ക്ക് വേണ്ടിയും വികലമായ പരിസ്ഥിതി വിരുദ്ധ വികസനത്തിന് വേണ്ടിയും അപകടകരമായ വിധത്തിൽ നിയമം ദുർബലപ്പെടുത്തിയിരിക്കുന്നു എന്നത് ദൗർഭാഗ്യകരമാണ്, ഭയപ്പെടുത്തുന്നതുമാണ്.

**നിയമത്തെ തകർത്ത ഭേദഗതി**

'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി' എന്ന ഒരു ഭൂപദവി സൃഷ്ടിച്ച് 2008ന് മുമ്പ് നടന്ന അനധികൃതമായ നിലം നകത്തലുകൾ ഫൈൻ അടച്ച് ക്രമവത്കരിക്കാനുള്ള ശ്രമമാണ് ഈ ഭേദഗതിയുടെ പ്രധാന ഉദ്ദേശം. അതുതന്നെ പരിസ്ഥിതിനീതിക്കും നമ്മുടെ നിയമവ്യവസ്ഥയ്ക്കും നിരക്കാത്ത നടപടിയാണ്. ഡാറ്റാ ബാങ്ക് മിക്ക സ്ഥലത്തും അന്തിമമായി നിലവിൽ വന്നിട്ടില്ലാത്തതിനാൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്ന വ്യവസ്ഥയ്ക്കുള്ളിൽ 2008ന് ശേഷമുള്ള നികത്തലുകളും ഉൾപ്പെടാൻ സാധ്യതയുണ്ട് എന്നതാണ് അപകടം. ഡാറ്റാ ബാങ്ക് പൂർത്തിയാക്കി ഗസറ്റിൽ വിജ്ഞാപനം ചെയ്ത ശേഷം 2008ന് മുമ്പുള്ള നികത്തലുകളിൽ നിയമത്തിലൂടെയും പദ്ധതികളുടെ സഹായത്താലും തിരികെ കൃഷിയോഗ്യമാക്കാൻ പറ്റുന്നവയെ അങ്ങനെ തിരികെ കൊണ്ടുവരണം. അതിനുള്ള ചിലവ് സംരക്ഷണം ഉറപ്പാക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ വഹിക്കുന്നതിൽ തെറ്റില്ല. തിരികെ വയലാക്കാൻ കഴിയാത്ത വിധം നശിപ്പിക്കപ്പെട്ടവയെ മാത്രമേ ഫൈൻ അടച്ച് ക്രമവത്കരിക്കാൻ പാടുള്ളൂ എന്ന് നമ്മൾ അടിയന്തിരമായി ആവശ്യപ്പെടണം. അതുപോലെ, ഇനി പൊതു ആവശ്യം എന്നത് പുനർനിർവചിക്കേണ്ട ആവശ്യം പോലുമില്ല. 75 ശതമാനം വയലുകളും നശിപ്പിക്കപ്പെട്ടു നിൽക്കുന്ന കേരളത്തിന് പൊതു ആവശ്യത്തിനായിപ്പോലും ഇനി വയലുകളും തണ്ണീർത്തടങ്ങളും നികത്താൻ കൊടുക്കാനില്ല. അത്തരം ആവശ്യങ്ങൾ ഇനി കരഭൂമിയിൽ മാത്രം മതി എന്ന് തീരുമാനിക്കണം.

ഭേദഗതിയിലെ ഏറ്റവും ഗുരുതരമായ സംഗതി പൊതു ആവശ്യത്തിനായുള്ള നികത്തൽ അപേക്ഷകളിന്മേൽ ഇനി പഞ്ചായത്തുതല പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ വേണ്ട എന്നുള്ളതാണ്. 2008ന് മുമ്പുള്ള അനധികൃത നികത്തൽ തടയുന്നതിനൊപ്പം ആറ് മാസത്തിനുള്ളിൽ ആ പ്രദേശത്തെ നെൽവയലുകളുടെ നിജസ്ഥിതി റിപ്പോർട്ട് ചെയ്യുക എന്ന ചുമതലയും പ്രാദേശികതല നിരീക്ഷണ സമിതിക്കുണ്ടായിരുന്നു. അത് കേരളത്തിലെവിടെയും നടന്നിട്ടില്ല. ഈ ഭേദഗതി ആ ചുമതല തന്നെ പൂർണ്ണമായും എടുത്തുകളഞ്ഞു. പൊതു ആവശ്യങ്ങൾക്കായുള്ള വൻകിട നികത്തലുകൾ പരിശോധിക്കുന്നത് കൂടാതെ വീടില്ലാത്തവർക്ക് വീടു വയ്ക്കുന്നതിനായി പഞ്ചായത്തിൽ 10 സെന്റും മുൻസിപ്പാലിറ്റി പരിധിയിൽ അഞ്ച് സെന്റും വയൽ നികത്തുന്നതിന് വസ്തുതകൾ പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള അധികാരവും സമിതിക്കുണ്ടായിരുന്നു. വീട് വയ്ക്കുന്നതിനുള്ള നികത്തലിന്റെ കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നത് ജില്ലാതല സമിതിയാണ്. പൊതു ആവശ്യത്തിനായുള്ള നികത്തലിന്റെ കാര്യത്തിൽ അന്തിമതീരുമാനം എടുക്കുന്നത് സംസ്ഥാനതല സമിതിയും. ഇത്തരത്തിൽ രണ്ട് തട്ടിലുള്ള പരിശോധന നെൽവയൽ-തണ്ണീർത്തട നിയമത്തിലുണ്ടായിരുന്നു. തെറ്റായ തീരുമാനങ്ങൾ എടുക്കാതിരിക്കാനും അഴിമതി തടയുന്നതിനുമുള്ള ഒരു ചെക്ക് ആന്റ് ബാലൻസ് സിസ്റ്റമായി ഇത് നിലനിന്നിരുന്നു. അതുപോലെ പൊതു ആവശ്യങ്ങൾക്ക് വരുന്ന നികത്തൽ അപേക്ഷകൾ പ്രാദേശിക സമിതിയിൽ നിന്നും സംസ്ഥാന സമിതിയുടെ പക്കൽ കിട്ടിയാൽ അവരുടെ പരിശോധനയിൽ വയൽ അല്ലാത്ത ഒരു സ്ഥലം ലഭ്യമാണോ എന്നും ഈ പദ്ധതിക്ക് നെൽവയൽ നികത്തുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ചും വിശദമായ പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതാണ്. അങ്ങനെ കൊടുക്കുന്ന റിപ്പോർട്ടിൽ നികത്താനുള്ള അനുവാദം കൊടുക്കണോ വേണ്ടയോ എന്ന് തീരുമാനം എടുക്കാനുള്ള അധികാരവും സംസ്ഥാന സമിതിക്കുണ്ടായിരുന്നു. നിയമത്തിലെ ഈ വ്യവസ്ഥയാണ് നെൽവയലുകളെ സംരക്ഷിക്കാൻ ഏറ്റവും ഉപകാരപ്പെട്ടത്. കഴിഞ്ഞ രണ്ട് വർഷം എൽ.ഡി.എഫ് സർക്കാരിന്റെ കാലത്തുതന്നെ നെൽവയൽ തണ്ണീർത്തടം നികത്താനുള്ള നൂറിന് മുകളിൽ അപേക്ഷകൾ പൊതു ആവശ്യം എന്ന പേരിൽ സംസ്ഥാന സമിതിക്ക് മുന്നിൽ വന്നപ്പോഴും അതിൽ കുറച്ച് (പത്തിൽ താഴെ) അപേക്ഷകൾക്ക് മാത്രമേ അനുവാദം കൊടുത്തിട്ടുള്ളൂ. എന്നാൽ ഈ ഭേദഗതിയിലൂടെ സംസ്ഥാനതല വിദഗ്ധ സമിതിയുടെ അധികാരങ്ങൾ എടുത്തുകളയുകയും പകരം നെൽവയൽ നികത്താനുള്ള അപേക്ഷയിൻമേൽ നികത്തിയാൽ വരാവുന്ന പരിസ്ഥിതി




നെൽവയൽ - തണ്ണീർത്തട നിയമം അട്ടിമറിക്കുന്നതിനെതിരെ നടന്ന വയൽരക്ഷാ സമ്മേളനം

പ്രശ്നങ്ങളും അതിനുള്ള പരിഹാരങ്ങളും സർക്കാരിന് ശുപാർശ ചെയ്യുന്ന ഒരു സമിതിയാക്കി മാറ്റുകയും ചെയ്തു.

ഒരു വയൽ നികത്തൽ അനധികൃതമാണ് എന്ന് കണ്ടെത്തുകയാണെങ്കിൽ അതിന് അന്തിമ അനുമതി കൊടുത്ത ഉദ്യോഗസ്ഥൻ മാത്രമല്ല, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ഭാഗമായ വില്ലേജ്-കൃഷി ഓഫീസർമാർ വരെ ശിക്ഷിപ്പെടുന്ന തരത്തിലാണ് നിയമം ഉണ്ടായിരുന്നത്. അത്തരത്തിലുള്ള ഒരു അക്കൗണ്ടബിലിറ്റി വ്യവസ്ഥ ഒരുപക്ഷെ ആദ്യമായിട്ടായിരിക്കും ഒരു ഇന്ത്യൻ നിയമത്തിൽ ഉൾപ്പെടുത്തപ്പെടുന്നത്. നിയമഭേദഗതിയിലെ ഒരു ആശ്വാസം ഈ വ്യവസ്ഥയെ ശക്തിപ്പെടുത്തി എന്നുള്ളതാണ്. ഈ നിയമത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത അത് 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യയിൽ നിലവിൽ വന്ന അധികാരവികേന്ദ്രീകരണ സംവിധാനത്തെ സമ്പുഷ്ടമാക്കുന്ന ഒന്നായിരുന്നു എന്നതാണ്. നിയമത്തിന്റെ നടപ്പിലാക്കൽ പ്രക്രിയയിൽ ഈ നിയമം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഫലപ്രദമായി ഉൾപ്പെടുത്തി. നമുക്കുള്ള മിക്ക നിയമങ്ങളും വളരെ കേന്ദ്രീകൃതമായ നിയമങ്ങളായിരുന്നല്ലോ. അത്തരം നിയമങ്ങളിൽ കേന്ദ്രീകൃതമായി രൂപീകരിക്കപ്പെടുന്ന ഒരു അതോറിറ്റിയായിരിക്കും നിയമത്തിന്റെ നടപ്പിലാക്കലുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങൾക്കും മേൽനോട്ടം വഹിക്കുന്നത്. 73, 74 ഭരണഘടനാ ഭേദഗതികളെയും അധികാരവികേന്ദ്രീകരണ പ്രക്രിയയേയും ഈ കേന്ദ്രീകൃത അതോറിറ്റികൾ ദുർബലപ്പെടുത്തി. പക്ഷെ നെൽവയൽ-തണ്ണീർത്തട നിയമം പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലെ ഒരു വിദഗ്ധ സമിതിക്കും പല ഘട്ടങ്ങളിലായി തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം ഉറപ്പാക്കുന്നുണ്ട്. ആ നിർദ്ദേശം നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് അന്ന് ഞങ്ങളാണ് ആവശ്യപ്പെട്ടത്. ഈ നിയമം ഒരു അതോറിറ്റി കേന്ദ്രീകൃത നിയമം അല്ലായിരുന്നു. മറിച്ച് ത്രിതല ഭരണ സംവിധാനത്തെ അംഗീകരിക്കുന്ന ഒരു ജനകീയ നിയമം ആയിരുന്നു. അതുകൊണ്ടുതന്നെ ദേശീയതലത്തിൽ പ്രശംസിക്കപ്പെടുകയും ചെയ്തിരുന്നു.

ത്രിതലപഞ്ചായത്ത് സംവിധാനത്തിനുള്ള അധികാരമാണ് ഇപ്പോൾ ഭേദഗതിയിലൂടെ എടുത്തുകളഞ്ഞിരിക്കുന്നത്. അതും ജനകീയാസൂത്രണത്തിലൂടെ അധികാര വികേന്ദ്രീകരണ പ്രക്രിയയെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ച ഇടതുപക്ഷം തന്നെ അതിന് ചുക്കാൻ പിടിച്ചിരിക്കുന്നു. പഞ്ചായത്ത് തല സമിതികളുടെ അനുമതി വികസന കാര്യത്തിൽ വേണ്ടതില്ലെന്നും അതെല്ലാം ഞങ്ങൾ ക്യാബിനറ്റ് തീരുമാനിച്ചുകൊള്ളാമെന്നുമാണ് ഇടതു സർക്കാർ പറയുന്നത്. ഈ അധികാര കേന്ദ്രീകരണത്തെ പ്രഖ്യാപിത ഇടതുനയത്തിന്റെ വ്യതിയാനമായിത്തന്നെ കാണുകയും വിമർശിക്കുകയും ചെയ്യേണ്ടതുണ്ട്. ■